GANAN DANGARLI LTD.,—PETROL—ISSUE OF

402. മിസ്റ്റർ ജോസ്സ് കെ. വള്ളിസ്സ് :

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

മുനിസിപ്പൽ റോഡ് കോൺക്രീറു് ഇടുന്നതിനു കരാറെടുത്തിരിക്കുന്ന ഗേനൻ ഡങ്കേർലി കമ്പനിക്കാക്കു് മാസം വീതം എത്ര ഗാലൻ പെട്രോളാണു കൊടുത്തുവരുന്നതു്; എത്ര മാസമായി; ആകെ എത്ര പെട്രോൾ കൊടുത്തു ?

റാവുബഹദൂർ ടി. കെ. നായർ :

മെസ്സേർസ്സ് ഗേനൻ ഡങ്കേർലി കമ്പനിക്കാക്കു് മാസംതോറും ആവശ്യമനുസരിച്ചു കൊടുത്ത പെട്രോളിന്റെ കണക്കു താഴെ ചേർക്കുന്നു.—

൧൯൪൫ ഡിസമ്പർ— ൫൦൦ ഗ്യാലൻ. ൧൯൪൬ ജനുവരി— ൫൪൦ ഗ്യാലൻ. ൧൯൪൬ ഫെബ്രുവരി— ൧,൫൦൦ ഗ്യാലൻ. ൧൯൪൬ മാർച്ചു്—൧, ൦൦൦ ഗ്യാലൻ. നാലുമാസമായി കൊടുത്തുവരുന്നുണ്ടു്. ആകെ ൨,൯൫൦ ഗ്യാലൻസ് കൊടുത്തിട്ടുണ്ടു്.

ACCIDENT IN THE TRAMWAY LINE—DETAILS REGARDING

403. Mr. S. P. Luiz *(Nominated):* Will Government be pleased to state.—

(*a*) whether they have taken note of an accident that occurred on one of the Tramway inclines ; whether there was any loss of life or property;

(*b*) if so, will the Government kindly state the circumstances that led to this accident;

(*c*) is it a fact that the Tramway Engineer was not on duty at the time ?

Mr. C. R. Iyyunni *(Minister for Revenue):*

(*a*) Yes ; one brake-cooly was killed and the brake-machine and a pair of trucks damaged by the trucks getting out of control.

(*b*) The accident happened when a specially heavy load was lowered and when the brakes of the self acting inclines could not be made to function effectively.

(*c*) The Tramway Engineer was on duty at that time.

APPLICANTS FOR APPOINTMENT FROM THE COMMUNITIES OF VETTUVAS, PARAYAS, ETC.

404. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ—

(എ) വേട്ടുവർ, പറയർ, പടന്നർ, കണക്കൻ, എന്നീ സമുദായങ്ങളിൽനിന്നും എസ്സ്. എസ്സ്. എൽ. സി. പാസ്സായി സ്റ്റാഫ് സെലക്ഷൻബോർഡിൽ ഉദ്യോഗത്തിനു് അപേക്ഷിച്ചിട്ടു ൧൦—൩—൧൯ വരെ ഉദ്യോഗം കിട്ടാത്ത എത്ര അപേക്ഷകർ മൻപറഞ്ഞ ഓരോ സമുദായത്തിലുമുണ്ടു് ;

(ബി) അവരിൽ സ്ത്രീകളെത്ര; പുരുഷന്മാരെത്ര;

(സി) അവർ ഓരോരുത്തരും ബോർഡിലേക്കു് അപേക്ഷ അയച്ച തീയ്യതികൾ ഏവ?

റാവുസാഹിബ് കെ. അയ്യപ്പൻ ;

വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക അനുബന്ധിച്ചിരിക്കുന്നു. *(Appendix VII)*

INTER-SCHOOL SPORTS—EXPENDITURE FOR

405. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ—

(എ) ൧൯൪൫, ൧൯൪൬ എന്നീ കൊല്ലങ്ങളിൽ ഇൻറർ സ്കൂൾ സ്പോർട്ട്സിനു് എറണാകുളം എസ്സ്. ആർ. വി. ഹൈസ്കൂളിലും ടി ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ ചാർജ്ജിൽ മറു സ്ഥലങ്ങളിലും എത്ര വിദ്യാർത്ഥികൾ താമസിച്ചിരുന്നു;

(ബി) ടി വകക്കു് ഓരോ കൊല്ലത്തിലും എത്ര ഉരുപ്പിക ചിലവായി ;

സി) ടി വകക്കു് എത്ര മന്നു് പഞ്ചസാരയും എത്ര പാട്ട മണ്ണെണ്ണയും വാങ്ങിച്ചു;

LIBRARY ARCHIVES Kerala Legislative Assembly